"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതി - വയനാട് ടൗൺഷിപ്പിലെ വീടുകളിൽ താമസിക്കുന്ന ഗുണഭോക്താക്കൾക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിനായി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്

സ.ഉ.(സാധാ) നം.821/2026/RD തീയതി,തിരുവനന്തപുരം, 18-04-2026

---

പരാമർശം:- 1. സ.ഉ (കൈ) നം. 9/2026/ഡി.എം.ഡി തീയതി 14/03/2026

2. ജില്ലാ കളക്ടറുടെ 06/04/2026 ലെ DCWYD/4296/2025-DM6 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ടൗൺഷിപ്പിലെ ഗുണഭോക്തൃ കുടുംബങ്ങൾക്ക് വീടുകളിൽ ആവശ്യമായ ഫർണിച്ചർ ഉൾപ്പെടെയുള്ള വീട്ടുപകരണങ്ങൾ വാങ്ങുന്നതിനായി ഓരോ ഗുണഭോക്തൃ കുടുംബത്തിനും ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) വീതം ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതിന് വയനാട് ടൗൺഷിപ്പ് PIU സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

ആയതു പ്രകാരം 339 കുടുംബങ്ങൾ, ടൗൺഷിപ്പിൽ ലഭിക്കുന്ന വീടുകളിലേക്ക് ആവശ്യമായ ഫർണിച്ചർ ഉൾപ്പെടെയുള്ള വീട്ടുപകരണങ്ങൾ വാങ്ങി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക്, ഒരു ലക്ഷം രൂപ വീതം വിതരണം ചെയ്യുന്നതിന് വയനാട് ടൗൺഷിപ്പ് സ്പെഷ്യൽ ഓഫീസർക്ക് അനുവദിക്കുന്നതിനായി, 3.39 കോടി രൂപ ജില്ലാ കളക്ടർക്ക് അനുവദിക്കണമെന്ന് വയനാട് ജില്ലാ കളക്ടർ പരാമർശം 2 പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ ഉത്തരവു പ്രകാരം വിതരണത്തിനാവശ്യമായി വരുന്ന തുകയായ ₹3,39,00,000 (3 കോടി മുപ്പത്തി ഒമ്പത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടറുടെ പേരിലുള്ള STSB 718011400000046 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വയനാട് ജില്ലാ കളക്ടർ ടി തുക വയനാട് ടൗൺഷിപ്പ് പ്രൊജക്ടിന്റെ സ്പെഷ്യൽ ഓഫീസർക്ക് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ , തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
സ്പെഷ്യൽ ഓഫീസർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട്, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
ദുരന്ത നിവാരണ (എ) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Apsara T T
Date: 18-04-2026 16:45:48

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്-എ/ബി) വകുപ്പുകൾക്ക്